നാൾവഴികൾ-3

●

കെ.എം അബ്ദുൽ അഹദ് തങ്ങൾ/സദ്റുദ്ദീൻ വാഴക്കാട്



# മുസ്‌ലിം ഐക്യത്തിന് ഹാജിസാഹിബിന്റെ കത്ത്

**ഞാൻ** പുളിക്കൽ മദീനത്തിൽനിന്ന് പോന്നതിനു ശേഷം ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ, എം.സി.സി അബ്ദുർറഹ്മാൻ മൗലവി *പൗരശക്തി*യിൽ ഒരു 'പരസ്യം' പ്രസിദ്ധീകരിച്ചു. ജമാഅത്തെ ഇസ്‌ലാമിയെ എതിർക്കുന്നതായിരുന്നു അത്. അതിന് മറുപടിയായി ഹാജിസാഹിബ് *പൗരശക്തി*യിൽതന്നെ ഒരു 'പരസ്യം' പ്രസിദ്ധീകരിച്ചു. അന്ന് ഇത്തരം കാര്യങ്ങളൊക്കെ പത്രങ്ങളിൽ പണം കൊടുത്ത് 'പരസ്യ'മായി പ്രസിദ്ധീകരിക്കുകയാണ് ചെയ്തിരുന്നത്. ഹാജിസാഹിബിന് മറുപ

ടിയായി എം.സി.സി വീണ്ടുമൊരു 'പരസ്യം' നൽകി. പക്ഷേ, ഹാജിസാഹിബ് *പൗരശക്തി*യിൽ പിന്നീട് 'പരസ്യം' കൊടുത്തില്ല. പകരം *പ്രബോധന*ത്തിൽ വിശദീകരണ ലേഖനം എഴുതി. *പ്രബോധനം* പ്രതിപക്ഷപത്രം പത്താം പുസ്തകം ഏഴാം ലക്കത്തിലായിരുന്നു അത്. 'മൗലവിയും ജമാഅത്തെ ഇസ്‌ലാമിക്കു നേരെ' എന്നായിരുന്നു തലക്കെട്ട്.

## ഒരു കത്തിടപാട്

മുസ്‌ലിം സമൂഹത്തിലെ അനൈക്യവും കക്ഷിത്വവും വളരെ രൂക്ഷമായ കാലമായിരുന്നു 1950-കൾ. ഉൽപതിഷ്ണുക്കളും യാഥാസ്ഥിതികരും തമ്മിൽ വാദപ്രതിവാദങ്ങൾ നാടെങ്ങും വാശിയോടെ നടന്നുകൊണ്ടിരുന്നു. തികച്ചും അനാരോഗ്യകരവും ശത്രുതാപരവുമായിരുന്നു ഇരു വിഭാഗത്തിന്റെയും നിലപാടുകൾ. ജമാഅത്തെ ഇസ്‌ലാമി അതിൽ പങ്കുചേർന്നിരുന്നില്ല. ഇത്തരം കക്ഷിത്വങ്ങളോട് പ്രത്യേക സമീപനമാണ് ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചിരുന്നത്.

ഉൽപതിഷ്ണു വിഭാഗമായ ജംഇയ്യത്തുൽ ഉലമയും സമസ്തയും തമ്മിൽ തർക്കങ്ങൾ വളരെ രൂക്ഷമായ ഒരു സന്ദർഭത്തിൽ അതിന് അൽപമെങ്കിലും അറുതി വരുത്തണമെന്ന് ഹാജിസാഹിബ് ചിന്തിച്ചു. തദടിസ്ഥാനത്തിൽ ഹാജിസാഹിബ് മുപ്പത് നേതാക്കൾക്ക് കത്തുകൾ അയച്ചു. മുസ്‌ലിംകൾ ചേരിതിരിഞ്ഞ് കലഹിക്കരുതെന്നും മുസ്‌ലിം നേതാക്കളും സംഘടനാ ഭാരവാഹികളും ഒന്നിച്ചിരുന്ന് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുമായിരുന്നു കത്തിൽ ഊന്നിപ്പറഞ്ഞത്. ബാഫഖി തങ്ങൾ ഉൾപ്പെടെ മത-രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന മുപ്പത് മുസ്‌ലിം നേതാക്കൾക്ക് കത്തയച്ചുവെങ്കിലും കൊടുങ്ങല്ലൂർ മണപ്പാട്ട് കുടുംബത്തിലെ ഒരംഗമൊഴികെ മറ്റൊരാളും കത്തിനോട് പ്രതികരിച്ചില്ല. കേരളീയ മുസ്‌ലിം സംഘടനകൾക്കിടയിലെ സൗഹൃദത്തിനും ഐക്യത്തിനും വേണ്ടിയുള്ള ഒന്നാമത്തെ ശ്രമമായിരുന്നു ഹാജിസാഹിബിന്റെ മുസ്‌ലിം നേതാക്കൾക്കുള്ള കത്ത്. 1952-ലോ മറ്റോ ആയിരുന്നു അത്. മുസ്‌ലിം ഐക്യത്തിനും സംഘടനകൾക്കിടയിലെ ഒരുമക്കും ജമാഅത്ത് നൽകിയ മുന്തിയ പരിഗണനയുടെ ഉത്തമ ഉദാഹരണമായിരുന്നു അത്.

## മൂന്ന് ചുമതലകൾ

മൂന്ന് ഉത്തരവാദിത്വങ്ങളാണ് പ്രധാനമായും എനിക്ക് ജമാഅത്ത് ഓഫീസിൽ നിർവഹിക്കാനുണ്ടായിരുന്നത്.

1) ജമാഅത്തെ ഇസ്‌ലാമിയുടെ കത്തിടപാടുകൾ: ഹൽഖാ കേന്ദ്രത്തിലേക്ക് വരുന്ന കത്തുകൾക്ക് മറുപടി അയക്കുക, റിപ്പോർട്ട് ശേഖരിക്കുക, പ്രവർത്തനങ്ങളെക്കുറിച്ച അറിയിപ്പുകൾ നൽകുക.


2) *പ്രബോധനം*: *പ്രബോധന*ത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുകയും കണക്കുകൾ ശരിയാക്കുകയും ചെയ്യുക. ഏജൻസികളും വരിക്കാരുമായുള്ള ഇടപാടുകൾ ശ്രദ്ധിക്കുക.

3) ബൈത്തുൽമാൽ: ബൈത്തുൽമാൽ ശേഖരിക്കുകയും കണക്കുകൾ രേഖപ്പെടുത്തുകയും ചെയ്യുക. ബൈത്തുൽമാലിനും ഐ.പി.എച്ചിനും അന്ന് ഒരു കണക്കായിരുന്നു ഉണ്ടായിരുന്നത്.

കണക്ക് പുസ്തകത്തിന്റെ ആദ്യത്തെ പേജിൽ 'ഇത് വ്യക്തിപരമായ കണക്കല്ല, പ്രസ്ഥാനത്തിന്റേതു മാത്രമാണ്' എന്ന് ഹാജിസാഹിബ് എഴുതിവെച്ചിരുന്നു.

ഭക്ഷണം ഹാജിസാഹിബിന്റെ വീട്ടിൽനിന്നായിരുന്നു. രാവിലെ നാസ്ത അടുത്തുള്ള ഹോട്ടലിൽനിന്ന് കഴിക്കും. ഉറക്കം ഓഫീസിൽ. ഓഫീസിൽ വരുന്ന എല്ലാ

വർക്കും ഹാജിസാഹിബിന്റെ വീട്ടിൽനിന്നായിരുന്നു ഭക്ഷണം നൽകിയിരുന്നത്; ഓഫീസിലുള്ളവർക്കും അതിഥികൾക്കും. അതിന്റെ കാശ് കണക്കാക്കി ഹാജി സാഹിബിന് നൽകും. എനിക്ക് 25 രൂപയാണ് ശമ്പളം നിശ്ചയിച്ചിരുന്നത്. പുളിക്കലിൽനിന്ന് കിട്ടിയത് 35 രൂപയായിരുന്നു. 25 രൂപതന്നെ കൃത്യമായൊന്നും എടുക്കാനുണ്ടാകില്ല പലപ്പോഴും. ഓഫീസിലെ മിക്കവാറും കാര്യങ്ങളെല്ലാം ഞാൻ തന്നെയാണ് നോക്കിയിരുന്നത്. ടി.കെ അബ്ദുല്ല സാഹിബും ഉണ്ടായിരുന്നു.



● ഹാജിസാഹിബ്

സി.പി.എം അബ്ദുൽ ഖാദിർ സാഹിബായിരുന്നു ആദ്യം ഓഫീസിലുണ്ടായിരുന്നത്. *പ്രബോധന*ത്തിന്റെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നതും അദ്ദേഹമായിരുന്നു.

സുഖമില്ലാത്തതിനാൽ സി.പി.എം അബ്ദുൽ ഖാദിർ സാഹിബ് ചികിത്സക്ക് പോയപ്പോൾ അദ്ദേഹത്തിന് പകരമാണ് ടി.കെ അബ്ദുല്ല സാഹിബ് വന്നത്. ആലിയയിൽ വിദ്യാർഥിയായിരുന്ന അദ്ദേഹത്തെ ഹാജി സാഹിബ് എടയൂരിലേക്ക് കൊണ്ടുവരികയായിരുന്നു. പക്ഷേ, ടി.കെ കണക്കെഴുതുന്നതുപോലുള്ള കാര്യങ്ങളൊന്നും ചെയ്തിരുന്നില്ല. കെ.സി ഓഫീസിൽ സ്ഥിരമായി ഉണ്ടാകാറുമില്ല. മിക്കവാറും സമയങ്ങളിൽ വിവിധ പരിപാടികൾക്കായി പല സ്ഥലങ്ങളിലും യാത്രയിലായിരിക്കും അദ്ദേഹം. ടി.കെയും അതുപോലെത്തന്നെ പരിപാടികൾക്ക് പോകും.

## സി.പി.എം അബ്ദുൽ ഖാദിർ

ആളും അർഥവും കുറവായിരുന്ന ആദ്യകാലത്ത് ഇസ്‌ലാമികപ്രസ്ഥാനത്തിലേക്ക് കടന്നുവന്ന യുവാവായിരുന്നു സി.പി.എം. സ്വാതന്ത്ര്യത്തിനു മുമ്പേ പ്രസ്ഥാന പ്രവർത്തനരംഗത്ത് കോഴിക്കോട്ടും പരിസരങ്ങളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു.


കോഴിക്കോട്ടെ മദ്റസത്തുൽ മുഹമ്മദിയ്യയിലാണ് പഠിച്ചത്. ഇന്റർമീഡിയറ്റിനും ചേർന്നിരുന്നു. കേരള ജമാഅത്തിന്റെ ആദ്യ പ്രാദേശിക ഘടകത്തിലെ അംഗമായിരുന്നു സി.പി.എം. കേരള ജമാഅത്തെ ഇസ്‌ലാമിയുടെ അഞ്ചാമത്തെ അംഗവുമായിരുന്നു അദ്ദേഹം. 1948-ലാണ് അംഗത്വം ലഭിച്ചത്.

● ബാഫഖി തങ്ങൾ



പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും നേരിട്ട് അദ്ദേഹം പ്രസ്ഥാനമാർഗത്തിൽ ത്യാഗപൂർവം ഉറച്ചുനിന്നു. *പ്രബോധനം* തുടങ്ങിയപ്പോൾ, 1949-ൽ അതിന്റെ ഓഫീസ് മാനേജറായി. അസുഖം പിടിപെട്ടതിനാൽ ഒന്നര വർഷത്തിനു ശേഷം ആ ചുമതലയിൽനിന്ന് ഒഴിവായി (പിന്നീട് 1955 മുതൽ 1958 വരെ *പ്രബോധനം* പ്രസ്സിലും സേവനം ചെയ്തിരുന്നു). സി.പി.എം അക്കാലത്ത് *പ്രബോധന*ത്തിൽ ലേഖനങ്ങളും എഴുതാറുണ്ടായിരുന്നു. ഹാജി സാഹിബിന്റെ വിയോഗാനന്തരം

ഹൽഖാ കേന്ദ്രം എടയൂരിൽനിന്ന് കോഴിക്കോട് വെള്ളിമാടുകുന്നിലേക്ക് മാറ്റി. കെ.സി അബ്ദുല്ല മൗലവിയുടെ വലംകൈയായി സി.പി.എം രംഗത്തുണ്ടായിരുന്നു. ദീർഘകാലം കോഴിക്കോട് പ്രാദേശിക ജമാഅത്തിന്റെ അമീറായിരുന്ന സി.പി.എം അടിയന്തരാവസ്ഥയിൽ അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി.



● എം.സി.സി അബ്ദുർറഹ്മാൻ മൗലവി

അഭിമുഖ സംഭാഷണം, ക്ലാസ്, പുസ്തക പ്രചാരണം എന്നിവയായിരുന്നു ആദ്യകാലത്തെ പ്രസ്ഥാന പ്രവർത്തനങ്ങൾ. കോഴിക്കോട്ടും പരിസരങ്ങളിലും ഇതൊക്കെ സംഘടിപ്പിക്കുന്നതിൽ സി.പി.എം കാണിച്ച ഉത്സാഹം അവിസ്മരണീയമാണ്. ഹാജി സാഹിബ് കോഴിക്കോട്ട് ക്യാമ്പ് ചെയ്യുന്ന സന്ദർഭങ്ങളിൽ സി.പി.എം ആളുകളെ സംഘടിപ്പിച്ച് മിഠായിതെരുവിലെ ഷഹിൻഷാ ഹോട്ടൽ, എവറസ്റ്റ് ഹോട്ടൽ തുടങ്ങിയ സ്ഥലങ്ങളിലെ മുലാഖാത്ത് പരിപാടികളിൽ പങ്കെടുപ്പിക്കുമായിരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് ഫ്രാൻസിസ് റോഡ്, വെള്ളയിൽ ഭാഗങ്ങളിൽ അന്ന് ജമാഅത്തെ ഇസ്‌ലാമി ഘടകങ്ങൾ നിലവിൽവന്നത്. പിന്നീട് കോഴിക്കോട്ട് പ്രസ്ഥാനത്തിന്റെ പല കേന്ദ്രങ്ങളും ഉയർന്നുവന്നതിൽ സി.പി.എം പങ്ക് വഹിക്കുകയുണ്ടായി.

കോഴിക്കോട് മസ്ജിദുല്ലുഅ്‌ലുഅ്, സിറ്റി സകാത്ത് കമ്മിറ്റി, സിറ്റി ഈദ്ഗാഹ് കമ്മിറ്റി, അൽ ഹറമൈൻ സ്കൂൾ, കാലിക്കറ്റ് ചാരിറ്റബ്ൾ ട്രസ്റ്റ്, കുണ്ടുങ്ങൽ മസ്ജിദ് മർജാൻ തുടങ്ങി നിരവധി സംരംഭങ്ങളിൽ അദ്ദേഹം ഭാഗഭാക്കായി. 2006 ജനുവരിയിലായിരുന്നു അദ്ദേഹത്തിന്റെ മരണം

## ഓർമകളിലെ *പ്രബോധനം*

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുഖപത്രമായി *പ്രബോധനം* ആരംഭിക്കുന്നത് മലപ്പുറം ജില്ലയിലെ വളാഞ്ചേരിക്കടുത്ത എടയൂരിൽനിന്നാണ്. 1984 ആഗസ്റ്റിൽ കോഴിക്കോട് ജില്ലയിലെ വാണിമേൽ ചേരാൻ തീരുമാനിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു പ്രത്യേക സമ്മേളനം പ്രതികൂലകാരണങ്ങളാൽ കോഴിക്കോട്ടേക്ക് മാറ്റേണ്ടിവന്നു. അതിനെക്കുറിച്ച് വഴിയെ സൂചിപ്പിക്കാം. 1948 ആഗസ്റ്റ് 21-നു കോഴിക്കോട് ഫ്രാൻസിസ് റോഡിലെ ജമാഅത്ത് ഓഫീസിൽ ഹാജി സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ മൂന്ന് പ്രധാന തീരുമാനങ്ങളിൽ ഒന്നായിരുന്നു *പ്രബോധന*ത്തിന്റെ പ്രസിദ്ധീകരണം. എടപ്പാൾ സ്വദേശിയായ ജമാഅത്ത് പ്രവർത്തകൻ ത്യാഗിവര്യനായ താജുദ്ദീൻ സാഹിബ് ഇതു സംബന്ധിച്ച് അവതരിപ്പിച്ച പ്രമേയം യോഗം ഏകകണ്ഠേന അംഗീകരിച്ചു. *പ്രബോധനം* തുടങ്ങുന്നതിനെക്കുറിച്ച് ഹാജി

● സി.പി.എം അബ്ദുൽഖാദിർ



സാഹിബിന്റെ പ്രഖ്യാപനം ഇങ്ങനെയായിരുന്നു: “ഒരു പത്രം, പ്രസ്, പ്രസിദ്ധീകരണാലയം, കേന്ദ്ര ഓഫീസ് എന്നിവയാണ് ഇന്നത്തെ നമ്മുടെ പ്രാഥമിക ആവശ്യങ്ങൾ. ഇവ ഓരോന്നോരോന്നായി നമുക്ക് നേടിയെടുക്കണം. സാമ്പത്തികവും വൈജ്ഞാനികവും കലാപരവുമായ വലിയ വലിയ കഴിവുകൾ അത്യാവശ്യമുള്ള വമ്പിച്ച ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തന ചുമതലയാണ് നമ്മിൽ അർപ്പിതമായിട്ടുള്ളത്. നാം കഴിവില്ലാത്തവരാണെങ്കിലും അല്ലാഹു കഴിവുറ്റവനാണ്, അവൻ നമ്മെ സഹായിക്കും. അല്ലാഹുവിനെ മുൻനിർത്തി നാം പ്രതിജ്ഞയെടുക്കുക...”

എല്ലാം കൊണ്ട് പ്രതികൂലമായ സാഹചര്യമായിരുന്നു അത്. സാമ്പത്തികശേഷിയില്ല, കഴിവുറ്റ ആളുകളില്ല, സാങ്കേതിക സൗകര്യങ്ങളില്ല. പക്ഷേ അല്ലാഹുവിൽ മാത്രം വിശ്വാസമർപ്പിച്ച് ഹാജി സാഹിബിന്റെ നേതൃത്വത്തിൽ പ്രവർത്തകർ മുന്നോട്ടുപോയി. പത്രത്തിന്റെ പേര് കണ്ടെത്തുകയെന്നതായിരുന്നു ആദ്യ പടി. വി.കെ ഇസ്സുദ്ദീൻ മൗലവിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ കാസർകോട് ആലിയ അറബിക് കോളേജിലെ വിദ്യാർഥികൾ അക്കാലത്ത് ‘പ്രബോധകൻ’ എന്ന പേരിൽ ഒരു കൈയെഴുത്ത് മാസിക നടത്തിയിരുന്നു. അതിലെ ചില്ലക്ഷരം ‘ൻ’ കളഞ്ഞ് ‘പ്രബോധനം’ പത്രത്തിന്റെ പേരായി നിശ്ചയിച്ചു. ഹാജി സാഹിബ് പ്രിന്ററും പബ്ലിഷറുമായി ഡിക്ലറേഷൻ സമർപ്പിച്ചു. വൈകാതെ പത്രം നടത്താൻ അനുമതി കിട്ടി.

*പ്രബോധന*ത്തിന്റെ ആദ്യലക്കം തയാറാക്കിയത് എടയൂരിലെ നമസ്കാര പള്ളിയുടെ മുകളിൽ വെച്ചായിരുന്നു. പത്രത്തിന് പ്രസിദ്ധീകരണാനുമതി ലഭിച്ചപ്പോൾ ഹാജിസാഹിബും കെ.സിയും ഇരുന്ന് ആലോചിച്ചു. എന്തു ചെയ്യണം? എന്ത് എഴുതണം? ഒരു പത്രം നടത്തി യാതൊരു പരിചയവും ഉണ്ടായിരുന്നില്ല അവർക്ക് രണ്ട് പേർക്കും. ‘ഞാനും കെ.സിയും മുഖാമുഖം നോക്കി കുറേനേരമിരുന്നു’എന്ന് ഹാജി സാഹിബ് പറഞ്ഞിട്ടുണ്ട്. മുഖപ്രസംഗം എഴുതാനുള്ള ഉത്തരവാദിത്വം ഹാജിസാഹിബ് ഏറ്റെടുത്തു. ഒരു ലേഖനം തയാറാക്കാൻ കെ.സിയും ഒരുങ്ങി. മറ്റു ചില ലേഖനങ്ങൾ വിവർത്തനം ചെയ്യാനും തീരുമാനിച്ചു. അങ്ങനെ തയാറാക്കിയ ‘*പ്രബോധനം* പ്രതിപക്ഷപത്രം’ ഹാജിസാഹിബിന്റെ പ്രഥമ മുഖപ്രസംഗത്തോടെ 1949 ആഗസ്റ്റ് 1-ന് പുറത്തിറങ്ങി. ‘പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ’ ഇതായിരുന്നു ഒന്നാമത്തെ വാചകം. മുഖപ്രസംഗത്തിൽ ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുത്തിയതിന് ശേഷം, *പ്രബോധന*ത്തിന്റെ നയം വിശദീകരിച്ചു. അത് ഇന്നും ഏറെ പ്രസക്തമാണ്. ■

(തുടരും)